പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4534 25.06.2019-ലെ മറുപടിക്ക്

'ലാന്റ് ട്രൈബ്യൂണലുകളിൽ നിലവിലുള്ള കേസുകൾ'

ചോദ്യം
ശ്രീമതി. ഇ.എസ്.ബിജിമോൾ
'' ഗീതാ ഗോപി
ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ
'' വി.ആർ.സുനിൽ കുമാർ

മറുപടി
ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ലാന്റ് ട്രൈബ്യൂണലുകളിൽ നിലവിലുള്ള കേസുകൾ തീർപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കേരളത്തിലെ ലാൻഡ് ട്രൈബ്യൂണലുകളിൽ കെട്ടിക്കിടന്നതും തീർപ്പാക്കാനുണ്ടായിരുന്നതുമായ കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന്റെ ഭാഗമായി 1976-ലെ കാണം കുടിയാന്മ നിർത്തലാക്കൽ നിയമത്തിൽ ആവശ്യമായ സ്പഷ്ടീകരണവും അത് കൈകാര്യം ചെയ്യുന്നതിൽ ജീവനക്കാർക്ക് പരിശീലനം നൽകുകയും അതിലൂടെ 32000 ത്തോളം കുടുംബങ്ങളുടെ പ്രശ്നം പൂർണ്ണമായി പരിഹരിച്ച് പട്ടയം നൽകുകയും ചെയ്തു.<br><br>01/04/1964-ന് മുൻപ് കുടിയാൻ ബന്ധത്തിൽ പാട്ടവ്യവസ്ഥകളോടെ ഭൂമി കൈവശം വച്ച് കൃഷി ചെയ്ത് വന്നിരുന്ന നടപ്പ് കുടിയാൻ (cultivating tenant), കുടികിടപ്പുകാരൻ എന്നിവർക്ക് കൈവശ ഭൂമിയുടെ മേൽ നിയമാനുസൃതമായ അവകാശം 1963-ലെ കേരള ഭൂപരിഷ്കരണ നിയമം പ്രകാരം പരിശോധിച്ച് അർഹരായവർക്ക് ക്രയ സർട്ടിഫിക്കറ്റ് നൽകുന്ന ജോലിയാണ് ജുഡീഷ്യൽ അധികാരമുള്ള ലാൻഡ് ട്രൈബ്യൂണലുകൾ നിർവ്വഹിക്കുന്നത്. Legislative intention-നിലൂടെ വ്യാഖ്യാനിക്കുമ്പോൾ ടി നിയമം വളരെ ലളിതവും അർഹരായവർക്ക് വളരെ വേഗത്തിൽ നീതി ലഭിക്കുന്നതിന് വളരെ അനുഗുണ വുമായതിനാൽ നടപടിക്രമങ്ങളുടെ സങ്കീർണ്ണത ഇല്ലാതെ പട്ടയം നൽകാൻ കഴിയുന്നുണ്ട്. |
| (ബി) | സർവീസ് ഇനാം ഭൂമി സംബന്ധിച്ച ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ ഭേദഗതികളാണ് വരുത്തിയതെന്ന് വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. 05/01/2018-ലെ സർക്കാർ ഉത്തരവ് (പി) നം.1/18/ആർ.ഡി (എസ്.ആർ.ഒ.നം.25/2018) ഉത്തരവ് പ്രകാരം 1981- ലെ കേരള സർവ്വീസ് ഇനാം ചട്ടങ്ങളിലെ ചട്ടം 6- ൽ ഭേദഗതി വരുത്തി 6 എ മുതൽ 6 ഇ വരെയുള്ള ചട്ടങ്ങൾ കൂട്ടി ച്ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ജന്മി ഇല്ലാത്തതോ അഥവാ ജന്മിയോ തൽപരകക്ഷികളോ ഹാജരാകാത്ത കേസുകളിൽ. സർവ്വീസ് ഇനാം ഭൂമികളുടെ അവകാശം സെറ്റിൽ ചെയ്ത് നൽകുക എന്ന ഉദ്ദേശ്യത്തോടെ എസ്.ആർ.ഒ. 25/2018 നമ്പർ ഉത്തരവ് ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതി മുതൽ 6 മാസത്തിനുള്ളിൽ കൈവശക്കാരൻ 1 എ ഫോറത്തിൽ അപേക്ഷ നൽകുവാനും, ആയതിന്മേൽ 3 എ നമ്പർ ഒരു പബ്ലിക് നോട്ടീസ് ഗസറ്റിലോ രണ്ട് ദിനപത്രത്തിലോ പ്രസിദ്ധപ്പെടുത്തിയ ശേഷം സെറ്റിൽമെന്റ് നടപടി സ്വീകരിക്കാനും ഉത്തരവായിരുന്നു.<br>ചട്ടം 6 ഡി പ്രകാരം, നിശ്ചിത തുക കൈവശക്കാരൻ ക്രയവിലയായി ഒടുക്കേണ്ടതാണെന്നും ചട്ടം 6 ഇ പ്രകാരം നടപടികൾ പൂർത്തിയായി കഴിഞ്ഞാൽ ക്രയസർട്ടിഫിക്കറ്റ് നൽകാനും ഉത്തരവായിരുന്നു. |
| (സി) | ലാന്റ് ട്രൈബ്യൂണലുകളിലെ കേസുകളെ സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് വില്ലേജ് ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | ഉണ്ട്. ലാൻഡ് ട്രൈബ്യൂണൽ കേസുകളിൽ റവന്യൂ ഇൻസ്പെക്ടർമാരുടെ ഫീൽഡ് എൻക്വയറി റിപ്പോർട്ട് വളരെ പ്രധാനപ്പെട്ടതാണ്. ഒരു ട്രൈബ്യൂണലിൽ, ഒരു ജില്ല മുഴുവൻ അധികാര പരിധി നൽകി ഒന്നോ, രണ്ടോ റവന്യൂ ഇൻസ്പെക്ടർമാർ മാത്രമാണ് ഉണ്ടായിരുന്നത്. ഇത് പരിഹരിക്കാൻ സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസർമാരെയും ലാൻഡ് ട്രിബ്യൂണലിലേക്കുള്ള റിപ്പോർട്ടിംഗ് ഓഫീസറായി അധികാരപ്പെടുത്തി, സർക്കാർ ഉത്തരവ് (പി) നം. 09/2018/ആർ.ഡി തീയതി 22/02/2018 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിലൂടെ ലാൻഡ് ട്രൈബ്യൂണലുകളിലെ റവന്യൂ ഇൻസ്പെക്ടർമാരുടെ കുറവ് പൂർണ്ണമായി പരിഹരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**